**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355** **18-07-2022 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്, ശ്രീ എ. സി. മൊയ്തീൻ , ശ്രീമതി ശാന്തകുമാരി കെ., ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ മൂലം സ്റ്റാർട്ടപ്പുകൾ കൂടുതലായി ആരംഭിച്ചത് സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ എത്രമാത്രം പ്രയോജനകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 600 ഓളം സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പ് മേഖലയിലേക്ക് 1000 കോടിയോളം രൂപ നിക്ഷേപമായി ലഭിക്കുകയും ചെയ്തു. ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് എന്ന സ്റ്റാർട്ടപ്പ് 1000 കോടി ഡോളറിന്റെ മൂല്യം തികച്ച് യൂണീകോണായി മാറിയത് ഈ കാലഘട്ടത്തിലാണ്. 2022 ജൂലൈ 4ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 2021 ലെ സംസ്ഥാനങ്ങളുടെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ കേരളം ടോപ് പെർഫോർമർ ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഐ.ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് പുറമെ ഏതെല്ലാം മേഖലയിലെ സ്റ്റാർട്ടപ്പുകൾ കൂടി സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (സി) | പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കാർഷിക, വ്യാവസായിക, സഹകരണ മേഖലകളിലെ സ്റ്റാർട്ടപ്പുകളും സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | നൂതനവും സാമൂഹിക പ്രതിബദ്ധതയുമുള്ള സാങ്കേതിക സ്റ്റാർട്ടപ്പുകളെയാണ് സ്റ്റാർട്ടപ്പ് മിഷൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവരുന്നത്. കാർഷിക, വ്യാവസായിക സഹകരണ മേഖലകളിൽ നൂതനതയും സാമൂഹിക പ്രതിബദ്ധതയുമുള്ള സ്റ്റാർട്ടപ്പുകളെ യുവ സംരംഭകത്വ പദ്ധതിയിലൂടെ സഹായിക്കാൻ കഴിയും. |

| | | | |
|---|---|---|---|
| | | | കാർഷിക, വ്യവസായ സഹകരണ മേഖലയിലെ നവീന ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് KSIDC സ്റ്റാർട്ടപ്പ് സ്കീം വഴി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾക്കാണ് ഈ സഹായം അനുവദിക്കുന്നത്. |
| (ഇ) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാങ്കേതിക, സാമ്പത്തിക സഹായമാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ? | (ഇ) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്ന സംരംഭകർക്ക് കമ്പനി രജിസ്ട്രേഷൻ മുതലായ കാര്യങ്ങളിൽ ഉപദേശവും സഹായവും കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. തെരഞ്ഞെടുക്കുന്ന നൂതനതയുള്ള ആശയങ്ങൾക്ക് അത് ആദ്യമാതൃകയാക്കി മാറ്റുന്നതിന് 2 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ് നൽകി വരുന്നു.<br><br>കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്. ഐ.ഡി.സി. നടപ്പിലാക്കി വരുന്നു.<br><br>സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്ററിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശങ്ങളും സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന സ്റ്റാർട്ടപ്പുകൾക്കു വളരെയധികം നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ധനസഹായം നൽകിയതിൽ ചിലതു പ്രാരംഭ ഘട്ടത്തിലും ചിലതു വളർച്ചാ ഘട്ടത്തിലുമാണ്. ആരോഗ്യ പരിരക്ഷ, കൃഷി, വെബ് ഡെവലപ്മെന്റ്, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ, എൻജിനീയറിങ്, ആയുർവേദ, ഫിനാൻഷ്യൽ സെർവ്വീസ്, മീഡിയ, പരസ്യം, വിദ്യാഭ്യാസ സേവനങ്ങൾ, ഭക്ഷ്യ സംസ്കരണ, മാനവ വിഭവ പരിശീലനം, ബയോടെക്നോളജി, പ്രതിരോധസാങ്കേതികവിദ്യ |

| | | | |
|---|---|---|---|
| | | | മുതലായ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾ ആയിരത്തിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്തു സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ഫണ്ട് ഓഫ് ഫണ്ട് പദ്ധതി, സീഡ് ലോൺ പദ്ധതി, ഇന്നവേഷൻ ഗ്രാന്റ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. മികച്ചതും നൂതന ആശയങ്ങളുമായി സമീപിക്കുന്നവർക്ക് ഭൗതികമായ ഇൻകുബേഷനും വെർച്ചലായ ഇൻകുബേഷനും നൽകുന്നതിനുള്ള സംവിധാനം കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ ലഭ്യമാണ് |

സെക്ഷൻ ഓഫീസർ